**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4587** **10-08-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡർ പ്രൊമോട്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഓരോ പ്രദേശത്തുമുള്ള ട്രാൻസ്ജെൻഡറുകളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ജില്ലാതലത്തിൽ ട്രാൻസ്ജെൻഡർ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപുലമായ പദ്ധതികളും സേവനങ്ങളും ബോധവത്ക്കരണ പരിപാടികളും ഓരോ ജില്ലയിലും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടത്തുന്നതിനും, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ മാനസിക സംഘർഷം, ഭയം, ലജ്ജ വിഷാദം, ആത്മഹത്യ പ്രവണതകൾ എന്നിവയിൽ നിന്നും രക്ഷ നേരിടുന്നതിനും, അവർ ഒറ്റയ്ക്കല്ല അവരോടൊപ്പം സർക്കാരും വകുപ്പും കൂടെയുണ്ടെന്നുള്ള ചിന്ത ഉറപ്പിക്കുന്നതിനും, അതു വഴി ടി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനും അവരുടെ പുനരധിവാസം സാധ്യമാക്കുന്നതിലേയ്ക്കും, ഓരോ ജില്ലയിലും നടത്തി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായും, കൃത്യതയോടും കൂടി നടപ്പാക്കുന്നതിലേയ്ക്കുമായി ജില്ലാ തലത്തിൽ ട്രാൻസ്ജെൻഡർ ഫെസിലിറ്റേറ്ററെ നിയമിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. Transgender Persons(Protection of Rights )Act 2019 പ്രകാരം ട്രാൻസ്ജെൻഡർ ഐ ഡി കാർഡിനായി National Portal for Transgender Persons എന്ന പോർട്ടൽ വഴിയാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ അപേക്ഷ സമർപ്പിയ്ക്കേണ്ടത്. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ വിലയിരുത്തി തുടർ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, സമയബന്ധിതമായി ട്രാൻസ്ജെൻഡർ ഐ ഡി കാർഡ് വിതരണം ചെയ്യുന്ന പ്രക്രിയകളിൽ സഹായിക്കുന്നതിനുമായി 14 ജില്ലകളിലുമുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ 14 ട്രാൻസ്ജെൻഡർ ഫെസിലിറ്റേറ്റർമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാനായാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതോടൊപ്പം വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റു ട്രാൻസ്ജെൻഡർ |

| | | | |
|---|---|---|---|
| | | | ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിനും, ആയത് കാര്യക്ഷമമായും സമയ ബന്ധിതമായും ചെയ്യുന്നതിനുള്ള ചുമതലകൾ കൂടി ഫെസിലിറ്റേറ്റർക്ക് നല്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ